**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 20** **12-10-2026-ൽ മറുപടിയ്ക്ക്**

**ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ ഭരണപരിഷ്കാരങ്ങൾ**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. അൻവർ സാദത്ത് — ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

ശ്രീ. നാട്ടകം സുരേഷ്

ശ്രീ. സെബാസ്റ്റ്യൻ. എം. ജെ

ശ്രീ. അബിൻ വർക്കി കോടിയാട്ട്

**(എ)** സംസ്ഥാനത്ത് പദ്ധതികൾ വൈകുന്നതു മൂലം ഉണ്ടാകുന്ന സാമ്പത്തിക നഷ്ടം ഒഴിവാക്കാൻ ഡിജിറ്റൽ ഇൻഫ്രാസ്ട്രക്ചർ പരിഷ്കാരങ്ങൾ ഉൾപ്പെടെ അഞ്ചിന ഭരണ പരിഷ്കാര നടപടികൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

**മറുപടി:** ഉണ്ട്. സംസ്ഥാനത്തെ ഭരണസംവിധാനം കൂടുതൽ കാര്യക്ഷമവും സുതാര്യവും സാങ്കേതികവിദ്യാധിഷ്ഠിതവുമാക്കുന്നതിനും, പദ്ധതികളുടെ ആസൂത്രണം, നിർവഹണം, നിരീക്ഷണം എന്നിവയിൽ ഉണ്ടാകുന്ന കാലതാമസം, ആവർത്തനം, വിഭവങ്ങളുടെ പാഴ്ച്ചെലവ് എന്നിവ കുറയ്ക്കുന്നതിനുമായി പരസ്പരം ബന്ധിപ്പിച്ചിട്ടുള്ള ചുവടെ ചേർക്കുന്ന അഞ്ച് ഭരണപരിഷ്കാര/ഡിജിറ്റൽ പബ്ലിക് ഇൻഫ്രാസ്ട്രക്ചർ (DPI) സംരംഭങ്ങൾക്ക് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

1. **SAMPATH (Spatial Asset Management Platform for Administration, Tracking & Harmonisation) Portal (GO.(Ms). No.104/2026/GAD dated 31.07.2026)**- സംസ്ഥാന സർക്കാരിന്റെ ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, ഡാമുകൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ തുടങ്ങിയ ആസ്തികളുടെ സമഗ്രമായ GIS അധിഷ്ഠിത ഡിജിറ്റൽ രജിസ്ട്രി തയ്യാറാക്കുകയും, അതുവഴി അവയുടെ പരിപാലനവും, യഥാസമയത്തുള്ള അറ്റകുറ്റപണികൾ സാധ്യമാക്കുന്നതിനുള്ള സംവിധാനം. വിവിധ വകുപ്പുകളിലായി ചിതറിക്കിടക്കുന്ന ആസ്തി വിവരങ്ങൾ ഏകീകരിക്കുന്നതിലൂടെ ആസ്തി പരിപാലനം, ഭാവി നിക്ഷേപ ആസൂത്രണം, ആവർത്തിച്ചുള്ള ചെലവുകൾ ഒഴിവാക്കൽ തുടങ്ങിയവ ഇതിലൂടെ സാധ്യമാകും.

2. **PLANSPACE 2.0 - GIS അധിഷ്ഠിത Project Register (GO.(Ms). No.104/2026/GAD dated 31.07.2026)**- സംസ്ഥാന പ്ലാൻ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതികൾ, KIIFB, NABARD, World Bank തുടങ്ങിയ വിവിധ ധനസ്രോതസ്സുകളിലൂടെ നടപ്പാക്കുന്ന വികസന പദ്ധതികളെ ഏകീകൃത GIS അടിസ്ഥാനത്തിലുള്ള രജിസ്റ്ററിൽ ഉൾപ്പെടുത്തി പദ്ധതികളുടെ സ്ഥലം, നിർവഹണ ഏജൻസി, ധനസ്രോതസ്സ്, നിർവഹണഘട്ടം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തുന്ന സംവിധാനം. ഇതിലൂടെ ഒരേ സ്ഥലത്ത് വിവിധ വകുപ്പുകൾ മുഖാന്തിരം നടത്തപ്പെടുന്ന സമാന സ്വഭാവത്തിലുള്ള പ്രവൃത്തികൾ ഒഴിവാക്കുവാനും അതുവഴിയുള്ള ആവർത്തിച്ചുള്ള മൂലധനച്ചെലവും ഒഴിവാക്കുവാനും കഴിയും. പൂർത്തിയാക്കിയ പദ്ധതികളെ SAMPATH-ലെ ആസ്തി രജിസ്റ്ററിലേക്ക് ബന്ധിപ്പിക്കുന്നതിനും സംവിധാനം വിഭാവനം ചെയ്യുന്നു.

3. **Comprehensive Registry of Government Organisations (GO.(Ms). No.103/2026/GAD dated 31.07.2026)** – പൊതുമേഖലാ സ്ഥാപനങ്ങൾ, നിയമാനുസൃത സ്ഥാപനങ്ങൾ, സ്വയംഭരണ സ്ഥാപനങ്ങൾ, സൊസൈറ്റികൾ, ബോർഡുകൾ, കോർപ്പറേഷനുകൾ, മിഷനുകൾ, SPV-കൾ തുടങ്ങിയ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളുടെ ഏകീകൃത വിവരശേഖരം തയ്യാറാക്കുന്നതിനുള്ള സംവിധാനം.

4. **Statutory Review Initiative (GO.(Ms). No.102/2026/GAD dated 31.07.2026)**– കാലഹരണപ്പെട്ടതും പ്രസക്തിയില്ലാത്തതും പരസ്പരവിരുദ്ധവുമായ നിയമവ്യവസ്ഥകൾ സമഗ്രമായി പരിശോധിച്ച് ആവശ്യമായവ ഭേദഗതി ചെയ്യുന്നതിനും ഏകീകരിക്കുന്നതിനും റദ്ദാക്കുന്നതിനുമുള്ള സംവിധാനം.

5. **Process Reforms (GO.(Ms). No.101/2026/GAD dated 31.07.2026)**– സർക്കാർ സേവനങ്ങളുടെയും ഭരണനടപടികളുടെയും end-to-end പ്രക്രിയകൾ പുനഃപരിശോധിച്ച് അനാവശ്യമായ ഘട്ടങ്ങൾ ഒഴിവാക്കുകയും ഡിജിറ്റൽ സംവിധാനങ്ങൾ, Once-Only Principle തുടങ്ങിയവ ഉപയോഗപ്പെടുത്തി സേവനനിർവഹണത്തിലെ സമയവും ചെലവും ഭരണഭാരവും കുറയ്ക്കുകയും ചെയ്യുന്നതിനുള്ള പരിഷ്കാര പരിപാടി.

ഇവ പരസ്പരം ബന്ധിപ്പിച്ചാണ് നടപ്പാക്കുന്നത്. പ്രത്യേകിച്ച് SAMPATH, GIS Project Register എന്നിവയിലൂടെ പദ്ധതികളുടെ സ്ഥലാധിഷ്ഠിത ആസൂത്രണവും ആസ്തികളുടെ ജീവിതചക്ര പരിപാലനവും സാധ്യമാകുന്നതോടെ പദ്ധതികളുടെ ആവർത്തനം, വിഭവങ്ങളുടെ പാഴ്ച്ചെലവ്, അനാവശ്യമായ കാലതാമസം എന്നിവ കുറയ്ക്കുന്നതിനും പൊതുമുതലിന്റെ കൂടുതൽ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കുന്നതിനും സാധിക്കും. G.O.(Ms) No.104/2026/GAD പ്രകാരം SAMPATH-നും PLANSPACE 2.0-ലെ GIS Project Register-നും തത്വത്തിൽ അംഗീകാരം നൽകി Digital University of Kerala-യെ സാങ്കേതിക വികസനത്തിനായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

മേൽ പരാമർശിച്ച ഉത്തരവുകളുടെ പകർപ്പുകൾ <u>**അനുബന്ധമായി**</u> ചേർക്കുന്നു.

**(ബി)** പ്രസ്തുത പദ്ധതി നിർവഹണത്തിനും ഏകോപനത്തിനും ഉന്നതാധികാര സമിതിയെ നിയോഗിക്കാൻ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കാമോ;

<u>**മറുപടി:**</u> പ്രസ്തുത പരിഷ്കാര സംരംഭങ്ങൾ പരസ്പരം ബന്ധപ്പെട്ടവയായതിനാൽ അവയുടെ ആസൂത്രണവും നിർവഹണവും ഏകോപിതമായി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊതുഭരണ വകുപ്പിലെ Co-ordination & Programme Management Division (C&PMD) ആണ് ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുടെ ഏകോപനം നിർവഹിക്കുന്നത്. ഡിജിറ്റൽ പ്ലാറ്റ്ഫോമുകളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമായി Digital University of Kerala (DUK)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി ബന്ധപ്പെട്ട വകുപ്പുകളെയും DUK-യെയും ഉൾപ്പെടുത്തി യോഗങ്ങൾ ചേർന്ന് SAMPATH, PLANSPACE 2.0 – GIS Project Register തുടങ്ങിയ സംവിധാനങ്ങളുടെ വികസനവും ഏകീകരണവും സംബന്ധിച്ച് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. 09.09.2026-ന് DUK ഉദ്യോഗസ്ഥരുമായി നടത്തിയ യോഗത്തിൽ SAMPATH-ന്റെ prototype അവതരിപ്പിക്കുകയും, വിവിധ വകുപ്പുകളിലായി ചിതറിക്കിടക്കുന്ന ആസ്തി വിവരങ്ങൾ ഏകീകരിക്കുകയും SAMPATH ഘട്ടംഘട്ടമായി നടപ്പാക്കുകയും ചെയ്യുന്നതിനുള്ള നടപടികൾ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

വിവിധ സർക്കാർ വകുപ്പുകൾ നേരിടുന്ന ഏകോപന പ്രശ്നങ്ങൾക്ക് പരിഹാരമാർഗ്ഗമായും പദ്ധതികളുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിനും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പദ്ധതികളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ

കൈവരിക്കാനും ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത സമിതി ഒരു ഉന്നതതല ഭരണ ഏകോപന സമിതിയായി പ്രവർത്തിക്കുന്നതാണ്.

**(സി)** ഡിജിറ്റൽ ഭരണപരിഷ്കാരങ്ങൾ നടപ്പിലാക്കുമ്പോൾ ഡാറ്റ സുരക്ഷയ്ക്ക് പ്രാധാന്യമുള്ളതിനാൽ സംസ്ഥാനത്തെ ഏജൻസികൾക്ക് മുൻഗണന നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**മറുപടി:** ഡിജിറ്റൽ ഭരണപരിഷ്കാരങ്ങളുടെ ഭാഗമായി വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട നിർണായക ഭരണ, ആസ്തി, പദ്ധതി, സ്ഥാപന വിവരങ്ങൾ ഏകീകരിക്കപ്പെടുന്നതിനാൽ ഡാറ്റയുടെ കൃത്യത, വിശ്വാസ്യത, സുരക്ഷ, സ്വകാര്യത എന്നിവയ്ക്ക് സർക്കാർ ഉചിതമായ പ്രാധാന്യം നൽകുന്നതാണ്.

SAMPATH ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ വികസനത്തിനും സാങ്കേതിക സഹായത്തിനുമായി Digital University of Kerala (DUK)-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സർക്കാർ വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കുന്നതിനും ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങളിൽ സത്വര പരിഹാര നടപടികൾ സ്വീകരിക്കുന്നതിനും പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും വിവിധ സർക്കാർ പദ്ധതികളുടെ പുരോഗതി നിരന്തരം വിലയിരുത്തുന്നതിനുമായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries – ECoS) – രൂപീകരിച്ച് – ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.94/2026/GAD തീയതി, തിരുവനന്തപുരം, 30-07-2026

---

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ സുപ്രധാന വികസന പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും, സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് സുഗമമാക്കുന്നതിനും, നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പദ്ധതികളുടെ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നതിനുമായി വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തേണ്ടത് അനിവാര്യമാണ്.

2) ഓരോ വകുപ്പുകളും തങ്ങൾക്കനുവദിച്ചിട്ടുള്ള ഭരണപരമായ അധികാര പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ട് കാര്യക്ഷമമായി പ്രവർത്തിയ്ക്കുന്നുണ്ടെങ്കിലും ഒന്നിലധികം വകുപ്പുകളുടെ സംയുക്ത തീരുമാനങ്ങൾ ആവശ്യമായി വരുമ്പോഴോ ഒരു പ്രത്യേക വകുപ്പിന്റെ മാത്രം അധികാരപരിധിയിൽ വരാത്ത വിഷയങ്ങൾ ഉയർന്ന് വരുമ്പോഴോ പദ്ധതി നടത്തിപ്പിൽ ഗുരുതരമായ കാലതാമസം നേരിടാറുണ്ട്. നിലവിലുള്ള സംവിധാനത്തിൽ പ്രധാനമായും വകുപ്പുകൾ തമ്മിലുള്ള കത്തിടപാടുകളെയും സമയാ-സമയങ്ങളിലുള്ള അവലോകന യോഗങ്ങളെയുമാണ് ആശ്രയിയ്ക്കുന്നത്. പ്രത്യേക ഏകോപന ആവശ്യങ്ങൾക്കായി എംപവേർഡ് കമ്മിറ്റികളും വകുപ്പുതല തർക്കപരിഹാര കമ്മിറ്റികളും നിലവിലുണ്ടെങ്കിലും ഏകീകൃത സ്വഭാവത്തോടെയുള്ള ഒരു സ്ഥിരം ഔദ്യോഗിക സംവിധാനത്തിന്റെ അഭാവം നിലനിൽക്കുന്നുണ്ട്. ദൈനംദിന ഭരണ നിർവ്വഹണത്തിന് മേൽപ്പറഞ്ഞ താൽക്കാലിക സംവിധാനങ്ങൾ പര്യാപ്തമാണെങ്കിലും വകുപ്പുകൾക്കിടയിലുള്ള തടസ്സങ്ങൾ വേഗത്തിൽ പരിഹരിക്കാനും സുപ്രധാനമായ

പദ്ധതികളുടെ നടത്തിപ്പ് നിരന്തരം നിരീക്ഷിക്കുവാനും സാധിക്കുന്ന ഒരു സ്ഥിരം സംവിധാനം നിലവിലില്ല.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഭരണരംഗത്തെ കാര്യക്ഷമത മെച്ചപ്പെടുത്തുന്നതിനും, വിവിധ സർക്കാർ പദ്ധതികൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഉടലെടുക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും സംസ്ഥാനത്തിന്റെ പൊതുവായ താത്പര്യങ്ങൾ സംരക്ഷിച്ചുകൊണ്ട് പദ്ധതികളുടെ നടത്തിപ്പ് വേഗത്തിലാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം മെച്ചപ്പെടുത്തുന്നതിനും നിശ്ചിത സമയപരിധിയ്ക്കുള്ളിൽ പദ്ധതികളുടെ ഉദ്ദേശ ലക്ഷ്യങ്ങൾ കൈവരിയ്ക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനുമായി സംസ്ഥാന ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി വിവിധ വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട ഒരു എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries- ECoS) ചുവടെപ്പറയും പ്രകാരം രൂപീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| ചീഫ് സെക്രട്ടറി | - | ചെയർപേഴ്സൺ |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ധനകാര്യ വകുപ്പ് | - | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ് | - | അംഗം |
| സെക്രട്ടറി, നിയമ വകുപ്പ് | - | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, ഇലക്ട്രോണിക്സ് & ഇൻഫർമേഷൻ ടെക്നോളജി വകുപ്പ് | - | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, റവന്യൂ വകുപ്പ് | - | അംഗം |
| അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ് | - | അംഗം |
| പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ട ഭരണ വകുപ്പിന്റെ/വകുപ്പുകളുടെ സെക്രട്ടറി/സെക്രട്ടറിമാർ | - | അംഗം/അംഗങ്ങൾ |
| മറ്റ് ഏതെങ്കിലും സെക്രട്ടറി / വിദഗ്ധൻ (ചീഫ് സെക്രട്ടറി നിർദ്ദേശിക്കുന്നതനുസരിച്ച്) | - | പ്രത്യേക ക്ഷണിതാവ് |

| | | |
|---|---|---|
| ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി (OSD), കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ (ചീഫ് സെക്രട്ടറിയുടെ കാര്യാലയം) | - | അംഗം & കൺവീനർ |

**a) സമിതിയുടെ ചുമതലകൾ**

സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കുന്നതാണ് :

i. സർക്കാരിന്റെ മുൻഗണനാ പദ്ധതികളുടെയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളുടെയും നിർവ്വഹണം ഏകോപിപ്പിക്കുക.
ii. മുൻഗണനാ പദ്ധതികളുടെ ഭൗതികവും സാമ്പത്തികവുമായ പുരോഗതി സമയാസമയങ്ങളിൽ അവലോകനം ചെയ്യുക.
iii. പദ്ധതി നടത്തിപ്പിലെ തടസ്സങ്ങൾ, നടപടിക്രമങ്ങളിലെ കാലതാമസം, ഭരണപരമായ ബുദ്ധിമുട്ടുകൾ എന്നിവ കൃത്യമായി കണ്ടെത്തുക.
iv. ഭരണപരമായ കാര്യങ്ങളിൽ വകുപ്പുകൾക്കിടയിലുള്ള തർക്കങ്ങൾക്ക് പ്രായോഗികമായ പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുക.
v. ഒന്നിലധികം വകുപ്പുകൾ ഉൾപ്പെടുന്ന ഏകോപിതമായ നിർവ്വഹണ പദ്ധതികൾക്ക് അംഗീകാരം നൽകുക.
vi. പദ്ധതികളുടെ പ്രധാനഘട്ടങ്ങൾ (milestones) നിശ്ചയിക്കുകയും പദ്ധതി നടത്തിപ്പിൽ സമയക്ലിപ്തത പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.
vii. ആവശ്യമായ ഘട്ടങ്ങളിൽ പദ്ധതി നിർവ്വഹണത്തിന് വർക്കിംഗ് ഗ്രൂപ്പുകൾ, ടാസ്ക് ഫോഴ്സുകൾ, അല്ലെങ്കിൽ ടെക്നിക്കൽ കമ്മിറ്റികൾ എന്നിവ രൂപീകരിക്കുക.
viii. മന്ത്രിസഭയുടെ പരിഗണനയും അംഗീകാരവും ആവശ്യമായ പൊതുവായ വിഷയങ്ങൾ ശിപാർശ ചെയ്യുക.

**b) സമിതിയുടെ അധികാരങ്ങൾ**

സെക്രട്ടറിമാരുടെ എംപവേർഡ് കമ്മിറ്റിക്ക് താഴെ പറയുന്നവയുള്ള അധികാരമുണ്ടായിരിക്കുന്നതാണ് :

i. ഏതൊരു ഭരണ വകുപ്പിൽ നിന്നും, വകുപ്പ് മേധാവിയിൽ നിന്നും റിപ്പോർട്ടുകളും വിവരങ്ങളും ആവശ്യപ്പെടുക.

ii. ബന്ധപ്പെട്ട ഭരണ വകുപ്പുകളുടെയും വകുപ്പ് മേധാവികളുടെയും സംയുക്ത യോഗങ്ങൾ വിളിച്ചുചേർക്കുക.

iii. വകുപ്പുകൾക്കിടയിലുള്ള ഏകോപനത്തിനും പ്രശ്നപരിഹാരത്തിനും ആവശ്യമായ ഭരണപരമായ നിർദ്ദേശങ്ങൾ നൽകുക.

iv. ഒന്നിലധികം വകുപ്പുകളുമായി ബന്ധപ്പെട്ട പദ്ധതികളുടെ നിർവ്വഹണത്തിന് സമയപരിധി നിശ്ചയിക്കുക.

v. ബഡ്ജറ്റ് പ്രഖ്യാപനങ്ങളിലും മന്ത്രിസഭാ തീരുമാനങ്ങളിലുമുള്ള തുടർനടപടികൾ നിരീക്ഷിക്കുക.

4) എംപവേർഡ് കമ്മിറ്റി (Empowered Committee of Secretaries- ECoS) ഒരു ഉന്നതതല ഭരണ ഏകോപന സമിതിയായി മാത്രം പ്രവർത്തിക്കുന്നതാണ്. നിയമപരമായ ചട്ടങ്ങൾ, റൂൾസ് ഓഫ് ബിസിനസ് എന്നിവ പ്രകാരം ഭരണ വകുപ്പുകളിൽ നിക്ഷിപ്തമായിട്ടുള്ള നിയമപരവും സാമ്പത്തികപരവുമായ അധികാരങ്ങൾ വിനിയോഗിക്കുവാൻ ഈ കമ്മിറ്റിയ്ക്ക് സാധിയ്ക്കുന്നതല്ല.

5) ചീഫ് സെക്രട്ടറിയുടെ കാര്യാലയത്തിൽ പ്രവർത്തിക്കുന്ന പൊതുഭരണ (കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ് ഈ കമ്മിറ്റിയുടെ നോഡൽ വകുപ്പായി പ്രവർത്തിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
5. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
6. പൊതുഭരണ (എസ്.സി.) വകുപ്പ്. (29.07.2026 ലെ ഇനം നം. 91 പ്രകാരം)
7. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/2/2026-GAD)

ഉത്തരവിൻ പ്രകാരം



സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - ജനങ്ങളുടെ ജീവിത സൗകര്യവും (Ease of Living) സംരംഭകത്വ അന്തരീക്ഷവും (Ease of Doing Business) മെച്ചപ്പെടുത്തുന്നതിനുള്ള സംസ്ഥാനതല പ്രക്രിയ പരിഷ്കാര (Process Reforms) പരിപാടിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.101/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

സർക്കാർ സേവനങ്ങൾ വേഗത്തിലും ലളിതമായും സുതാര്യമായും ജനങ്ങൾക്ക് ലഭ്യമാക്കുകയും, സംസ്ഥാനത്ത് നിക്ഷേപ-സൗഹൃദ അന്തരീക്ഷം ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. ഇതിനായി സർക്കാർ നടപടിക്രമങ്ങൾ ആധുനികവൽക്കരിക്കുകയും, നിയമപരവും ഭരണപരവുമായ അനാവശ്യ സങ്കീർണ്ണതകൾ ഒഴിവാക്കുകയും ചെയ്യേണ്ടത് അനിവാര്യമാണ്. ഇപ്പോൾ വിവിധ വകുപ്പുകളിൽ നിലവിലുള്ള പല നിയമങ്ങളും ചട്ടങ്ങളും സർക്കാർ ഉത്തരവുകളും പേപ്പർ അധിഷ്ഠിതവും ഒന്നിലധികം ഓഫീസുകളിൽ ഫയലുകൾ കൈകാര്യം ചെയ്യുന്നതുമായ പഴയ ഭരണരീതികളെ അടിസ്ഥാനമാക്കിയുള്ളവയാണ്. ഇതിന്റെ ഫലമായി പൊതുജനങ്ങൾക്കും വ്യവസായ സ്ഥാപനങ്ങൾക്കും ഒരേ വിവരങ്ങളും രേഖകളും പലതവണ സമർപ്പിക്കേണ്ട സാഹചര്യം നിലനിൽക്കുന്നു. ആയത് സേവനങ്ങൾ ലഭിക്കുന്നതിന് കൂടുതൽ സമയമെടുക്കുകയും പൊതുജനത്തിന് സർക്കാർ ഓഫീസുകൾ പലതവണ സന്ദർശിക്കേണ്ടിവരികയും ചെയ്യുന്നു.

2) കേരള സംസ്ഥാനം ഡിജിറ്റൽ ഭരണ സംവിധാനത്തിലേക്കും പേപ്പർ രഹിതസേവനത്തിലേക്കും മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ, മേൽ പറഞ്ഞ തരത്തിലുള്ള സങ്കീർണമായ നടപടി ക്രമങ്ങൾ സമഗ്രമായി പരിശോധിച്ച് പരിഷ്കരിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ പൗരൻമാർക്കും വ്യവസായ സ്ഥാപനങ്ങൾക്കും ലഭിക്കുന്ന സർക്കാർ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനായി DigiLocker അധിഷ്ഠിതമായ രേഖ മാനേജ്മെന്റും "Once-only" ഡാറ്റ പങ്കിടൽ തത്വവും ഉൾക്കൊള്ളുന്ന സംസ്ഥാന തല പ്രക്രിയ പരിഷ്കാര (process reforms)

നടപടിക്ക് തത്വത്തിൽ അംഗീകാരം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രക്രിയ പരിഷ്കാര പരിപാടി സംബന്ധിച്ച വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

**<u>പ്രക്രിയ പരിഷ്കാര പരിപാടിയുടെ ലക്ഷ്യങ്ങൾ</u>**

ഈ പരിപാടിയുടെ പ്രധാന ലക്ഷ്യങ്ങൾ ചുവടെപ്പറയുന്നവയാണ്:

1. സർക്കാർ സേവനങ്ങൾ കൂടുതൽ ലളിതവും വേഗതയേറിയതും സുതാര്യവുമാക്കി പൊതുജനങ്ങളുടെ ജീവിതസൗകര്യം (Ease of Living) മെച്ചപ്പെടുത്തുക.
2. വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടത്തുന്നതിനുമുള്ള നടപടിക്രമങ്ങൾ ലളിതമാക്കി ബിസിനസ് നടത്തിപ്പിന്റെ സൗകര്യം (Ease of Doing Business) വർധിപ്പിക്കുക.
3. സർക്കാർ ഓഫീസുകളിലെ അനാവശ്യ നടപടിക്രമങ്ങൾ ഒഴിവാക്കി ഭരണകാര്യക്ഷമതയും ഉത്തരവാദിത്തവും വർധിപ്പിക്കുക.
4. ഡിജിറ്റൽ സാങ്കേതികവിദ്യയെ പരമാവധി പ്രയോജനപ്പെടുത്തി സർക്കാർ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുക.

**<u>DigiLocker അടിസ്ഥാനമാക്കിയുള്ള സേവനങ്ങൾ</u>**

സർക്കാർ സേവനങ്ങളിൽ DigiLocker വ്യാപകമായി ഉപയോഗിക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

ഇതിനായി,

1. DigiLocker വഴി ലഭ്യമായ രേഖകൾ സാധ്യമാകുന്നിടത്തോളം നേരിട്ട് സ്വീകരിക്കുന്ന സംവിധാനം നടപ്പിലാക്കണം.
2. ഓൺലൈൻ അപേക്ഷാ സംവിധാനങ്ങൾ DigiLocker-മായി ബന്ധിപ്പിക്കണം.
3. വിശ്വസനീയമായ ഡിജിറ്റൽ രേഖ ലഭ്യമായാൽ അതേ രേഖയുടെ ഫോട്ടോകോപ്പിയോ നോട്ടറി സാക്ഷ്യപ്പെടുത്തിയ പകർപ്പോ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പോ ആവശ്യപ്പെടുന്നത് ഒഴിവാക്കണം.
4. സർക്കാർ വകുപ്പുകൾ തമ്മിൽ ഡിജിറ്റൽ രേഖകൾ സുരക്ഷിതമായി പങ്കു വെക്കുന്നതിനും പരിശോധിക്കുന്ന തിനുമുള്ള സംവിധാനം വികസിപ്പിക്കണം.

**<u>Once-Only Principle</u>**

പൗരന്മാരും വ്യവസായ സ്ഥാപനങ്ങളും ഒരേ വിവരമോ രേഖയോ ഒന്നിലധികം സർക്കാർ ഓഫീസുകളിൽ വീണ്ടും വീണ്ടും സമർപ്പിക്കേണ്ട സാഹചര്യം ഒഴിവാക്കുന്നതിനായി "Once-Only Principle" ഘട്ടംഘട്ടമായി നടപ്പിലാക്കുന്നതാണ് .

ഇതിനായി,

- സർക്കാർ കൈവശമുള്ള വിവരങ്ങൾ ബന്ധപ്പെട്ട വ്യക്തിയുടെ സമ്മതത്തോടെയും നിലവിലുള്ള നിയമങ്ങൾ പാലിച്ചും വകുപ്പുകൾ തമ്മിൽ സുരക്ഷിതമായി പങ്കുവെക്കുന്നതിനുള്ള സംവിധാനം വികസിപ്പിക്കേണ്ടതാണ് .
- സാധ്യമായിടത്ത് അടിസ്ഥാന രജിസ്റ്ററുകളും വിശ്വസനീയമായ ഡിജിറ്റൽ ഡാറ്റയും ഉപയോഗപ്പെടുത്തേണ്ടതാണ് .

**ഡിജിറ്റൽ-ഫസ്റ്റ് ഭരണരീതി**

- ഓൺലൈൻ അപേക്ഷ സമർപ്പിക്കൽ,
- അപേക്ഷയുടെ പുരോഗതി ഓൺലൈനായി നിരീക്ഷിക്കുക,
- ഡിജിറ്റൽ ആശയവിനിമയം,
- സ്വയംസേവന (Self-Service) സംവിധാനങ്ങൾ,
- പേപ്പർ രഹിത സേവന വിതരണം

എന്നിവ സാധാരണ സർക്കാർ നടപടിക്രമങ്ങളായി സ്വീകരിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

**വകുപ്പുകളുടെ ചുമതല**

എല്ലാ വകുപ്പുകളും തങ്ങളുടെ സേവനങ്ങളും നടപടിക്രമങ്ങളും പരിശോധിച്ച്,

- നിലവിലെ നടപടിക്രമങ്ങളുടെ വിശകലനം നടത്തുകയും,
- ആവശ്യമായ പരിഷ്കാരങ്ങൾ നിർദ്ദേശിക്കുകയും,
- പരീക്ഷണാടിസ്ഥാനത്തിൽ (Pilot) പുതിയ നടപടിക്രമങ്ങൾ നടപ്പിലാക്കുകയും,
- നിയമ-ചട്ട ഭേദഗതികൾ ആവശ്യമായി വരുന്ന പക്ഷം ആയത് സംബന്ധിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിക്കുകയും വേണം.

3) ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിപാടിയുടെ വിവിധ ഘട്ടങ്ങൾ, പരിപാടിയുടെ ഏകോപനത്തിനുള്ള ക്രമീകരണങ്ങൾ, നിയമ-നടപടിക്രമ ഭേദഗതികൾ ആവശ്യമുണ്ടെന്ന പക്ഷം ആയതു നടപ്പിലാക്കാനുള്ള നിർദേശങ്ങൾ, ഡിജിറ്റൽ സംയോജനത്തിനുള്ള മാനദണ്ഡങ്ങൾ എന്നിവ വകുപ്പുകൾ പ്രത്യേകം തയ്യാറാക്കേണ്ടതും അംഗീകാരത്തിനായി സമർപ്പിക്കേണ്ടതുമാണ്.

4) ഇതുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനായി കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. രജിസ്ട്രാർ, കേരള ഡിജിറ്റൽ സർവകലാശാല.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങളിൽ (Acts) കാലഹരണപ്പെട്ടതും, പ്രസക്തി നഷ്ടപ്പെട്ടതും, പരസ്പരവിരുദ്ധമായതുമായ വ്യവസ്ഥകൾ കണ്ടെത്തി സമഗ്രമായ അവലോകനവും ഭേദഗതികളും റദ്ദാക്കലും വരുത്തുന്നതിനുള്ള തുടർനടപടികൾക്ക് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.102/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

നിലവിൽ പ്രാബല്യത്തിലുള്ള നിരവധി നിയമങ്ങൾ പതിറ്റാണ്ടുകൾക്ക് മുമ്പ് അന്നത്തെ സാമൂഹിക, സാമ്പത്തിക, ഭരണപരമായ സാഹചര്യങ്ങൾ മുൻനിർത്തിയാണ് രൂപപ്പെടുത്തിയിട്ടുള്ളത്. നിയമം നിലവിൽ വന്ന സമയത്ത് അനുയോജ്യമായിരുന്ന പല വ്യവസ്ഥകളും ഇന്നത്തെ സാഹചര്യത്തിൽ നിക്ഷേപങ്ങളെ നിരുത്സാഹപ്പെടുത്തുകയോ ഭരണനടപടികളിൽ അനാവശ്യമായ സങ്കീർണ്ണതയും കാലതാമസവും സൃഷ്ടിക്കുകയോ ചെയ്യുന്നുണ്ട്. ചില സന്ദർഭങ്ങളിൽ ഒന്നിലധികം നിയമങ്ങൾ ഒരു ഭരണനടപടിയെ നിയന്ത്രിക്കുന്നതിനാൽ അവ തമ്മിൽ ആവർത്തനവും (Overlap), പരസ്പരവിരുദ്ധതയും (Contradiction), ഏത് നിയമമാണ് ബാധകമെന്ന ആശയക്കുഴപ്പവും ഉണ്ടാകുകയും, ഇത് അനാവശ്യമായ വ്യവഹാരങ്ങൾക്കും ഭരണപരമായ കാലതാമസങ്ങൾക്കും കാരണമാകുകയും ചെയ്യുന്നു. കേരളം ലളിതവും ഡിജിറ്റൽ സൗഹൃദവുമായ, വ്യവസായ-നിക്ഷേപ സൗഹൃദ നിയന്ത്രണ സംവിധാനത്തിലേക്ക് (Business-friendly Regulatory Environment) മാറിക്കൊണ്ടിരിക്കുന്ന ഈ സാഹചര്യത്തിൽ, ഭരണനിർദ്ദേശങ്ങളിലോ വകുപ്പുതല നടപടിക്രമങ്ങളിലോ മാത്രം പരിഷ്കരണം നടത്തുന്നത് മതിയാകില്ല എന്നതിനാൽ, അവയുടെ അടിസ്ഥാനമായ നിയമചട്ടക്കൂട്ടും (Statutory Framework) കാലാനുസൃതമായി അവലോകനം ചെയ്ത് പുനഃക്രമീകരിക്കേണ്ടത് അനിവാര്യമാണ്.

2) 2026 ജനുവരി മുതൽ കേന്ദ്ര സർക്കാർ National Compliance Reduction and Deregulation Initiative നടപ്പിലാക്കി വരികയാണ്. ഈ സംരംഭത്തിന്റെ ഭാഗമായി സംസ്ഥാനങ്ങൾ റവന്യൂ, വ്യവസായം, തൊഴിൽ, നഗരവികസനം, പരിസ്ഥിതി തുടങ്ങിയ മേഖലകൾക്ക് മുൻഗണന നൽകി പരിഷ്കരണങ്ങൾ നടപ്പാക്കിവരുന്നു. ഈ പുരോഗതി

കേന്ദ്രസർക്കാർ നിരന്തരം അവലോകനം ചെയ്യുന്നുണ്ട്. ഇതിന്റെ ഭാഗമായി വിവിധ സംസ്ഥാനങ്ങൾ നിലവിലുള്ള നിയമ-നിയന്ത്രണ സംവിധാനങ്ങളിലും പരിഷ്കരണങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

3) നിയമങ്ങളുടെ തിരിച്ചറിയൽ (Identification), പരിശോധനയും മുൻഗണന നിശ്ചയിക്കലും (Screening and Prioritisation), നിയമഭേദഗതികളുടെ കരട് തയ്യാറാക്കൽ (Drafting), Legal Vetting, മന്ത്രിസഭയുടെയും നിയമസഭയുടെയും അംഗീകാരം എന്നീ ഘട്ടങ്ങൾ ഉൾപ്പെടുന്ന അവലോകന ചട്ടക്കൂടിലൂടെയാണ് ഇത് നടപ്പിലാക്കുന്നത്. കാലഹരണപ്പെട്ടതും അനാവശ്യവുമായ നിയന്ത്രണ വ്യവസ്ഥകൾ ഒഴിവാക്കുകയോ ലളിതമാക്കുകയോ ചെയ്യുക, പരസ്പരവിരുദ്ധ വ്യവസ്ഥകൾ ഏകോപിപ്പിക്കുക, ലളിതവും വ്യക്തവുമായ നിയമഭാഷ ഉപയോഗിക്കുക, ഭാവിയിലെ ആവശ്യങ്ങൾ മുൻനിർത്തി നിയമവ്യവസ്ഥകൾ രൂപപ്പെടുത്തുക എന്നിവയാണ് ഇതിന്റെ ലക്ഷ്യങ്ങൾ. ഇതിലൂടെ നിയമചട്ടക്കൂട് കൂടുതൽ പരിഷ്കരിക്കപ്പെടുകയും, Ease of Doing Business മെച്ചപ്പെടുകയും, അനാവശ്യ കോടതിവ്യവഹാരങ്ങളും ഭരണപരമായ തർക്കങ്ങൾ കുറയുകയും ചെയ്യും.

4) ആയതിനാൽ നിലവിൽ പ്രാബല്യത്തിലുള്ള നിയമങ്ങളിൽ കാലഹരണപ്പെട്ടതോ, പ്രസക്തി നഷ്ടപ്പെട്ടതോ, പരസ്പരവിരുദ്ധമായതോ, നിലവിലെ സാമ്പത്തിക-ഭരണപരമായ സാഹചര്യങ്ങൾക്ക് അനുയോജ്യമല്ലാത്തതോ ആയ വ്യവസ്ഥകൾ കണ്ടെത്തുന്നതിനായി സമഗ്രവും വ്യവസ്ഥാപിതവുമായ അവലോകനം നടത്തുന്നതിനും; ഇതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ നിയമഭേദഗതി (Amendment), ഏകീകരണം (Consolidation), അല്ലെങ്കിൽ റദ്ദാക്കൽ (Repeal) എന്നിവയ്ക്കായുള്ള ബില്ലുകൾ തയ്യാറാക്കി നിയമവകുപ്പിന്റെ പരിശോധനയ്ക്ക് ശേഷം മന്ത്രിസഭയുടെയും നിയമസഭയുടെയും പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനും; ഓരോ വകുപ്പും തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള നിയമങ്ങൾ പരിശോധിച്ച് അടിസ്ഥാനപരമായി ഒരേ ഭരണനടപടിയെ സംബന്ധിച്ച് രണ്ടോ അതിലധികമോ നിയമങ്ങൾ വ്യത്യസ്തമോ പരസ്പരവിരുദ്ധമോ ആയ നടപടിക്രമങ്ങൾ നിർദ്ദേശിക്കുന്ന സാഹചര്യങ്ങൾ പ്രത്യേകം തിരിച്ചറിഞ്ഞ് അവ പരിഹരിക്കുന്നതിനുവേണ്ട തുടർനടപടികൾ സ്വീകരിക്കുന്നതിനും അംഗീകാരം നൽകി ഉത്തരവാകുന്നു. ഇതുമായി ബന്ധപ്പെട്ട സാങ്കേതിക സഹായം ഒരുക്കുന്നതിന് കേരള ഡിജിറ്റൽ യൂണിവേഴ്സിറ്റിയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. രജിസ്ട്രാർ, കേരള ഡിജിറ്റിൽ യൂണിവേഴ്സിറ്റി.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.

ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.

എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.

ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.

ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സർക്കാർ വകുപ്പുകളുടെയും സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങളുടെയും സമഗ്ര രജിസ്ട്രി (Comprehensive Registry of Government Organisations) വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിക്കൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.103/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

സർക്കാർ വകുപ്പുകളുടെ ഭരണനിയന്ത്രണത്തിന് കീഴിൽ പൊതുമേഖലാ സ്ഥാപനങ്ങൾ (Public Sector Undertakings), Statutory Bodies, സ്വയംഭരണ സ്ഥാപനങ്ങൾ (Autonomous Institutions), സൊസൈറ്റികൾ (Societies), ബോർഡുകൾ (Boards), കോർപ്പറേഷനുകൾ (Corporations), മിഷനുകൾ (Missions), സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ (Special Purpose Vehicles - SPVs), മറ്റ് സർക്കാർ ഏജൻസികൾ തുടങ്ങി അനേകം സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഈ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട ഭരണവകുപ്പുകൾ പ്രത്യേകം സൂക്ഷിച്ചുവരുന്നുണ്ടെങ്കിലും, ആയത് പൂർണ്ണമല്ല. കൂടാതെ, വിവരശേഖരണത്തിന്റെ സ്വഭാവവും നിലവാരവും ഓരോ വകുപ്പിലും വ്യത്യാസപ്പെട്ടിരിക്കുന്നു. അതായത് ഇവയെല്ലാം ഉൾക്കൊള്ളുന്ന ഒരു ഏകീകൃത ഡാറ്റാബേസ് നിലവിൽ ലഭ്യമല്ല.

2) ഈ സാഹചര്യത്തിൽ, സ്ഥാപനങ്ങളുടെ പ്രവർത്തന അവലോകനം, നയരൂപീകരണം, ധനകാര്യ-മാനവവിഭവശേഷി ആസൂത്രണം, പൊതുമേഖലാ ആസ്തികളുടെ നിരീക്ഷണം, ഭരണപരമായ തീരുമാനമെടുക്കൽ തുടങ്ങിയ ആവശ്യങ്ങൾക്കായി സർക്കാരിന് ഉപയോഗിക്കാവുന്ന സമഗ്രവും വിശ്വാസയോഗ്യവുമായ, വിവരങ്ങൾ അടങ്ങിയ ഏകീകൃത വിവരശേഖരം (up-to-date information) നിലവിലില്ല എന്ന പോരായ്മ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ സർക്കാർ വകുപ്പുകളുടെയും സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെയും

സമഗ്ര രജിസ്ട്രി (Comprehensive Registry of Government Organisations) ചുവടെ പരാമർശിക്കും പ്രകാരം വികസിപ്പിക്കേണ്ടത് ഭരണപരമായ അനിവാര്യതയാണ്.

i. സർക്കാർ വകുപ്പുകളെയും സർക്കാർ വകുപ്പുകളുടെ ഭരണനിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളെയും സമഗ്ര രജിസ്ട്രിയിൽ (Comprehensive Registry of Government Organisations) ഉൾപ്പെടുത്താവുന്നതാണ്.

ii. ഓരോ സ്ഥാപനത്തെയും സംബന്ധിച്ച നിയമപരമായ പദവി (Legal Status), പ്രവർത്തനലക്ഷ്യവും ചുമതലകളും, വാർഷിക ബജറ്റും ചെലവും, ധനസ്രോതസ്സുകൾ, അംഗീകൃത ജീവനക്കാരുടെ എണ്ണം (Sanctioned Strength), നിലവിൽ സേവനത്തിലുള്ള ജീവനക്കാരുടെ എണ്ണം (Working Strength), കൂടാതെ സർക്കാർ നിശ്ചയിക്കുന്ന മറ്റ് വിവരങ്ങൾ എന്നിവ രജിസ്ട്രിയിൽ ഉൾപ്പെടുത്താവുന്നതാണ്.

iii. രജിസ്ട്രിയിലെ വിവരങ്ങൾ സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി നിശ്ചിത ഇടവേളകളിൽ പുതുക്കാവുന്നതും (Periodic Updating) അധിക വിവര ശേഖരണത്തിനാവശ്യമായ മൊഡ്യൂളുകൾ (Additional Modules) ആവശ്യാനുസരണം രജിസ്ട്രിയിൽ ഉൾപ്പെടുത്താവുന്നതുമാണ്.

iv. സ്ഥാപനങ്ങളുടെ പതിവായ അവലോകനം (Periodic Institutional Review), പ്രവർത്തനങ്ങളുടെ ആവർത്തനം (Functional Overlap), സാമ്പത്തിക ആവശ്യങ്ങളുടെ വിലയിരുത്തൽ, ജീവനക്കാരുടെ ആവശ്യകത, പൊതുമേഖലാ ആസ്തികളുടെ ഫലപ്രദമായ നിരീക്ഷണം, വിഭവവിനിയോഗം (Resource Allocation), ഭരണപരിഷ്കാരങ്ങൾ (Administrative Reforms), ദീർഘകാല സ്ഥാപന ആസൂത്രണം (Long-term Institutional Planning) എന്നിവയുമായി ബന്ധപ്പെട്ട കൃത്യമായ തീരുമാനങ്ങൾ എടുക്കാൻ ഈ സമഗ്ര രജിസ്ട്രി സർക്കാരിന് ഉപകാരപ്രദമാകും.

3) സർക്കാർ ഇക്കാര്യങ്ങൾ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ വകുപ്പുകളുടെയും വകുപ്പുകളുടെ ഭരണനിയന്ത്രണത്തിന് കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ (Public Sector Undertakings), Statutory Bodies, സ്വയംഭരണ സ്ഥാപനങ്ങൾ (Autonomous Institutions), സൊസൈറ്റികൾ (Societies), ബോർഡുകൾ (Boards), കോർപ്പറേഷനുകൾ (Corporations), മിഷനുകൾ (Missions), സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ (Special Purpose Vehicles - SPVs), മറ്റ് സർക്കാർ ഏജൻസികൾ തുടങ്ങി എല്ലാ സ്ഥാപനങ്ങളെയും സംബന്ധിക്കുന്ന വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിക്കുന്നതിനായി ഒരു സമഗ്ര രജിസ്ട്രി (Comprehensive Registry of Government Organisations) വികസിപ്പിക്കുന്നതിന് തത്വത്തിൽ അംഗീകാരം

നൽകിക്കൊണ്ടും, പ്രസ്തുത രജിസ്ട്രി വികസിപ്പിക്കുന്നതിനായി കേരള ഡിജിറ്റൽ സർവ്വകലാശാലയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
4. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
5. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുഭരണ വകുപ്പ് - സംസ്ഥാന സർക്കാരിന്റെ എല്ലാ ആസ്തികളുടെയും വിശദവിവരങ്ങൾ ശേഖരിക്കുന്നതിനും നിരീക്ഷിക്കുന്നതിനും പരിപാലനത്തിനുമായി ഒരു ഏകീകൃത ഡിജിറ്റൽ സംവിധാനം SAMPATH (Spatial Asset Management Platform for Administration, Tracking and Harmonisation) Portal വികസിപ്പിക്കുന്നതിനും, എല്ലാ സർക്കാർ വികസന പദ്ധതികളുടേയും GIS അധിഷ്ഠിത Project Register മൊഡ്യൂൾ കൂടി ഉൾപ്പെടുത്തി PLANSPACE 2.0 വികസിപ്പിക്കുന്നതിനും തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ) വകുപ്പ്**

സ.ഉ.(കൈ)നം.104/2026/GAD തീയതി, തിരുവനന്തപുരം, 31-07-2026

---

**<u>ഉത്തരവ്</u>**

സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, അണക്കെട്ടുകൾ, പൈതൃക സ്മാരകങ്ങൾ, യന്ത്രസാമഗ്രികൾ, വാഹനങ്ങൾ തുടങ്ങി വിവിധ ആസ്തികളുടെ വിവരങ്ങൾ നിലവിൽ വിവിധ വകുപ്പുകളിലും സ്ഥാപനങ്ങളിലുമായി പരസ്പരം ബന്ധിപ്പിച്ചിട്ടില്ലാത്ത പ്രത്യേകം പ്രത്യേകം സംവിധാനങ്ങളിലാണ് സൂക്ഷിച്ചിരിക്കുന്നത്. ഉദാഹരണത്തിന്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് സംവിധാനം, പൊതുമരാമത്ത് വകുപ്പിന്റെ ആസ്തി രജിസ്റ്ററുകൾ, റവന്യൂ വകുപ്പിന്റെ സർക്കാർ ഭൂമി രേഖകൾ എന്നിവ തമ്മിൽ വിവരങ്ങൾ പങ്കുവയ്ക്കുന്ന ഏകീകൃത സംവിധാനം നിലവിലില്ല. ഇതുമൂലം സംസ്ഥാന സർക്കാരിന്റെ ആസ്തികളെക്കുറിച്ചുള്ള പൂർണവും കൃത്യവുമായ വിവരങ്ങൾ ഒരിടത്ത് ലഭ്യമല്ലാത്ത സാഹചര്യമാണുള്ളത്.

2) സമാനമായി, സംസ്ഥാന സർക്കാരിന്റെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളും നടപ്പിലാക്കി വരുന്ന പദ്ധതികൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര സർക്കാർ പദ്ധതികൾ, KIIFB, ലോകബാങ്ക്, NABARD, മറ്റ് ധനസ്രോതസ്സുകൾ എന്നിവ മുഖേന നടപ്പാക്കുന്ന വികസന പദ്ധതികൾ എന്നിവയുടെ വിവരങ്ങൾ നിലവിൽ വിവിധ സംവിധാനങ്ങളിലായാണ് പരിപാലിച്ചുവരുന്നത്. ആയത് ഒരേ സ്ഥലത്ത് വ്യത്യസ്ത വകുപ്പുകൾ മുഖേന സമാന പദ്ധതികൾ നടപ്പാക്കുന്നതിനും,

പദ്ധതി ആസൂത്രണത്തിൽ ഏകോപനക്കുറവ് ഉണ്ടാകുന്നതിനും കാരണമായിത്തീരാറുണ്ട്. കൂടാതെ, പദ്ധതികളുടെ സമഗ്രമായ Spatial Visibility സാധ്യമാകാത്ത സാഹചര്യവും നിലനിൽക്കുന്നുണ്ട്.

3) ഈ സാഹചര്യത്തിൽ, സംസ്ഥാന ഭരണത്തിൽ Spatial Governance എന്ന ആശയം പ്രായോഗികമാക്കുന്നതിനും സർക്കാർ തീരുമാനങ്ങൾ കൂടുതൽ വിവരാധിഷ്ഠിതമാക്കുന്നതിനും ആസ്തി മാനേജ്മെന്റും പദ്ധതി ആസൂത്രണവും ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ ശക്തിപ്പെടുത്തുന്നതിനും ചുവടെ വിവരിക്കുന്ന രണ്ട് സമഗ്രമായ ഡിജിറ്റൽ പ്ലാറ്റ്ഫോമുകൾ വികസിപ്പിക്കേണ്ടത് അനിവാര്യമാണെന്ന് സർക്കാർ വിലയിരുത്തുന്നു.

**(i) സ്പേഷ്യൽ അസറ്റ് മാനേജ്മെന്റ് പ്ലാറ്റ്ഫോം ഫോർ അഡ്മിനിസ്ട്രേഷൻ, ട്രാക്കിംഗ് ആൻഡ് ഹാർമണൈസേഷൻ (SAMPATH) പോർട്ടൽ**

SAMPATH (Spatial Asset Management Platform for Administration, Tracking and Harmonisation) എന്നത് സംസ്ഥാനതല Spatial Asset Management Portal ആണ്. സംസ്ഥാന സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, പാലങ്ങൾ, അണക്കെട്ടുകൾ, പൈതൃക സ്മാരകങ്ങൾ, വാഹനങ്ങൾ, യന്ത്രസാമഗ്രികൾ എന്നിവ ഉൾപ്പെടെയുള്ള എല്ലാ പൊതുആസ്തികളുടെയും ഏകീകൃത ഡിജിറ്റൽ രജിസ്റ്റർ സൃഷ്ടിക്കുന്നതിനാണ് ഈ പോർട്ടൽ ലക്ഷ്യമിടുന്നത്. ഓരോ ആസ്തിയുടെയും ഭൗമസ്ഥാനം, അതിർത്തികൾ, GPS കോ-ഓർഡിനേറ്റുകൾ, സർവേ വിവരങ്ങൾ, ഉടമസ്ഥാവകാശ രേഖകൾ, സാമ്പത്തിക വിവരങ്ങൾ, നിലവിലെ അവസ്ഥ, ചിത്രങ്ങൾ എന്നിവ GIS അടിസ്ഥാനത്തിൽ രേഖപ്പെടുത്തി സംസ്ഥാനത്തിന്റെ ആദ്യത്തെ സമഗ്ര Public Asset Register സൃഷ്ടിക്കുന്നതാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. വിവിധ വകുപ്പുകളിൽ നിലവിലുള്ള വിവരങ്ങൾ ഏകോപിപ്പിക്കുന്നതിനൊപ്പം ഭാവിയിൽ സർക്കാർ നടത്തുന്ന ഓരോ മൂലധന നിക്ഷേപവും ആസ്തി രജിസ്റ്ററുമായി ബന്ധിപ്പിക്കുന്ന സംവിധാനവും വികസിപ്പിക്കുന്നതാണ്. നിർമ്മിത ബുദ്ധി (Artificial Intelligence) അധിഷ്ഠിത വിശകലന സംവിധാനത്തിലൂടെ ആസ്തികളുടെ കാലപ്പഴക്കം, അറ്റകുറ്റപ്പണികളുടെ ആവശ്യകത, അപകട സാധ്യത, ഉപയോഗ ക്ഷമത എന്നിവ മുൻകൂട്ടി വിലയിരുത്താൻ സാധിക്കും. ആയതിന്റെ അടിസ്ഥാനത്തിൽ ആസ്തികളുടെ പരിപാലനം സംബന്ധിച്ച് കൂടുതൽ കൃത്യതയുള്ള നടപടികൾ സ്വീകരിക്കാൻ ഈ പോർട്ടൽ ഉപകരിക്കും. കേന്ദ്ര ധനകാര്യ ഉത്തരവാദിത്വ ചട്ടങ്ങളിലെയും (FRBM) കേരള Fiscal Responsibility Rules-ലെയും ആസ്തി റിപ്പോർട്ടിംഗ് ബാധ്യതകൾ കാര്യക്ഷമമായി നിറവേറ്റുന്നതിനും സർക്കാർ ആസ്തികളുടെ

സംരക്ഷണത്തിനും പ്രയോജനപ്പെടുത്തലിനും ഈ സംവിധാനം സഹായകരമാകുന്നതാണ്.

**SAMPATH പോർട്ടൽ നടപ്പിലാക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ ചുവടെപ്പറയുന്നവയാണ്**

(a) സമാന ആസ്തികളുടെ വാങ്ങിക്കൂട്ടലും നിർമ്മാണവും ഒഴിവാക്കുന്നതിലൂടെ പൊതുചെലവ് നിയന്ത്രിക്കാനും, ഉയർന്ന മൂല്യമുള്ള സർക്കാർ ഭൂമികളെ കയ്യേറ്റത്തിൽ നിന്ന് സംരക്ഷിക്കാനും, ഉപയോഗശൂന്യമായ ആസ്തികളെ സാമ്പത്തികമായി പ്രയോജനപ്പെടുത്താനും, അപൂർണ്ണമായ ആസ്തി രേഖകൾ മൂലമുണ്ടാകുന്ന ഓഡിറ്റ് പരാമർശങ്ങൾ കുറയ്ക്കാനും സാധിക്കും.

(b) അടിയന്തര അറ്റകുറ്റപ്പണികളിൽ നിന്ന് ആസൂത്രിതവും മുൻകരുതലോടെയുള്ളതുമായ (Preventive Maintenance) പരിപാലന സംവിധാനത്തിലേക്ക് മാറുന്നതിലൂടെ ഓരോ ആസ്തിയുടെയും മൊത്തത്തിലുള്ള പരിപാലന ചെലവ് കുറയ്ക്കുകയും പൊതുവിഭവങ്ങളുടെ കാര്യക്ഷമമായ വിനിയോഗം ഉറപ്പാക്കുകയും ചെയ്യും.

(c) സംസ്ഥാനത്തെ എല്ലാ സർക്കാർ ആസ്തികളുടെയും സ്ഥാനം, മൂല്യം, ഉപയോഗ സ്ഥിതി, നിലവിലെ അവസ്ഥ എന്നിവ ഏകീകൃതമായ തത്സമയ GIS ഭൂപടത്തിലൂടെ ലഭ്യമാകുന്നതിലൂടെ തെളിവടിസ്ഥാനത്തിലുള്ള (Evidence-based) ഭരണപരവും ധനകാര്യപരവുമായ തീരുമാനങ്ങൾ സ്വീകരിക്കാൻ സാധിക്കുന്നതാണ്.

(d) കേന്ദ്ര-സംസ്ഥാന ധനകാര്യ ഉത്തരവാദിത്വ ചട്ടങ്ങളായ FRBM വ്യവസ്ഥകൾ പിന്തുടരുന്നതിനും, കേന്ദ്ര സർക്കാരും മറ്റ് സംസ്ഥാനങ്ങളും പിന്തുടരുന്ന ആധുനിക ആസ്തി പരിപാലന മാനദണ്ഡങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിനും സാധിക്കുന്നതാണ്.

**(ii) PLANSPACE 2.0 – പ്രോജക്റ്റ് രജിസ്റ്റർ മൊഡ്യൂൾ**

**(എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന സർക്കാർ പദ്ധതികളേയും ഭൗമവിവര (Spatial) അടിസ്ഥാനത്തിൽ മാപ്പ് ചെയ്യുന്ന വിപുലമായ സംവിധാനം)**

സംസ്ഥാന പദ്ധതി, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതികൾ, കേന്ദ്ര സർക്കാർ പദ്ധതികൾ, KIIFB, NABARD, ലോകബാങ്ക് തുടങ്ങിയ എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന വികസന പദ്ധതികളെ ഭൗമ വിവര അടിസ്ഥാനത്തിൽ ഏകീകൃതമായി രേഖപ്പെടുത്തുകയാണ് ഇതിന്റെ ലക്ഷ്യം. ഓരോ

പദ്ധതിയുടെയും കൃത്യമായ സ്ഥലം, നിർവഹണ ഏജൻസി, ഭരണാനുമതി, ധനസ്രോതസ്സ്, ചെലവ്, പുരോഗതി എന്നിവ GIS ഭൂപടത്തിൽ രേഖപ്പെടുത്തുന്നതിലൂടെ സംസ്ഥാനത്തെ എല്ലാ വികസന പ്രവർത്തനങ്ങളുടെയും Spatial Project Register രൂപീകരിക്കാൻ സാധിക്കും. പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് അതേ സ്ഥലത്ത് സമാന പ്രവൃത്തികൾ നിലവിലുണ്ടോ അല്ലെങ്കിൽ മറ്റേതെങ്കിലും വകുപ്പ് നിർദ്ദേശിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനും ആവർത്തിച്ചുള്ള മൂലധന ചെലവ് ഒഴിവാക്കുന്നതിനും വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഈ സംവിധാനം സഹായകരമാകും. PM Gati Shakti National Master Plan വിഭാവനം ചെയ്യുന്ന Spatial Planning സമീപനത്തോട് യോജിച്ച രീതിയിലാണ് ഈ സംവിധാനം വികസിപ്പിക്കുന്നത്.

**PLANSPACE 2.0 – പ്രോജക്റ്റ് രജിസ്റ്റർ വികസിപ്പിക്കുന്നതിലൂടെ പ്രതീക്ഷിക്കുന്ന പ്രധാന നേട്ടങ്ങൾ ചുവടെപ്പറയുന്നവയാണ്**

(a) Project Register-ൽ ഓരോ പദ്ധതിയുടെയും ഭൗമസ്ഥാനം (Geo-location), സർവേ നമ്പർ/സ്ഥല വിവരങ്ങൾ, നിർവഹണ ഏജൻസി, ഭരണാനുമതി നൽകിയ അധികാരി, ധനസ്രോതസ്സ്, പദ്ധതി ചെലവ്, സാമ്പത്തികവും ഭൗതികവുമായ പുരോഗതി, നിലവിലെ നിർവഹണ ഘട്ടം എന്നിവ രേഖപ്പെടുത്തുന്നതാണ്. ഈ വിവരങ്ങൾ PLANSPACE-ലെ ഏകീകൃത GIS ഭൂപടത്തിൽ പ്രദർശിപ്പിക്കുന്നതിനാൽ സംസ്ഥാനത്തെ പുരോഗമിക്കുന്നതും പൂർത്തിയായതുമായ എല്ലാ പദ്ധതികളുടെയും സ്ഥിതി വിവരങ്ങൾ ഒരൊറ്റ സംവിധാനത്തിലൂടെ ലഭ്യമാകും.

(b) പുതിയ പദ്ധതികൾക്ക് ഭരണാനുമതി നൽകുന്നതിന് മുമ്പ് അതേ സ്ഥലത്ത് സമാനമായ പദ്ധതികൾ നിലവിലുണ്ടോയെന്ന് പരിശോധിക്കുന്നതിനും, പദ്ധതികളുടെ ആവർത്തനം ഒഴിവാക്കുന്നതിനും, വകുപ്പുകൾ തമ്മിലുള്ള ഏകോപനം ശക്തിപ്പെടുത്തുന്നതിനും ഈ സംവിധാനം സഹായകമാകും.

(c) കൂടാതെ, പദ്ധതി പൂർത്തിയാകുന്ന ഘട്ടത്തിൽ അതിന്റെ വിവരങ്ങൾ സംസ്ഥാനത്തിന്റെ Public Asset Register-ലേക്ക് സ്വയമേവ കൈമാറി സ്ഥിര മൂലധന ആസ്തിയായി (Commissioned Capital Asset) രേഖപ്പെടുത്തുന്നതിനുള്ള സൗകര്യവും ഈ സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതാണ്. ഇതുവഴി പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതുമുതൽ ആയത് പൂർത്തിയാകുന്നതുവരെയും തുടർ പരിപാലനവും ഉൾപ്പെടെ പദ്ധതിയുടെ സമ്പൂർണ്ണ ചിത്രം (Life Cycle) ഒരൊറ്റ സംവിധാനത്തിലൂടെ നിരീക്ഷിക്കാൻ സാധിക്കുന്നതാണ്.

4) മുകളിൽ വിവരിച്ച സാഹചര്യങ്ങൾ പരിഗണിച്ച്, സംസ്ഥാന സർക്കാരിന്റെ എല്ലാ ആസ്തികളുടെയും സമഗ്രമായ ഡിജിറ്റൽ മാപ്പിംഗ്, രജിസ്ട്രേഷൻ, പരിപാലനം, നിരീക്ഷണം, വിശകലനം എന്നിവയ്ക്കായി SAMPATH (State Asset Mapping, Planning,

Tracking & Management System) Portal വികസിപ്പിക്കുന്നതിനും, PLANSPACE 2.0-ൽ GIS അധിഷ്ഠിത Project Register മൊഡ്യൂൾ വികസിപ്പിച്ച് സംസ്ഥാനത്തെ എല്ലാ വകുപ്പുകളുടെയും എല്ലാ ധനസ്രോതസ്സുകളിലൂടെയും നടപ്പാക്കുന്ന വികസന പദ്ധതികളെ ഏകീകൃത ഡിജിറ്റൽ രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് തത്വത്തിൽ (In-principle) അംഗീകാരം നൽകിക്കൊണ്ടും, മേൽ പരാമർശിച്ച പോർട്ടലുകൾ വികസിപ്പിക്കുന്നതിന് ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരളയെ ചുമതലപ്പെടുത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻപ്രകാരം)
ബിശ്വനാഥ് സിൻഹ
ചീഫ് സെക്രട്ടറി

1. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി / പ്രിൻസിപ്പൽ സെക്രട്ടറി / സെക്രട്ടറി / സ്പെഷ്യൽ സെക്രട്ടറിമാർക്ക്.
2. എല്ലാ വകുപ്പ് മേധാവികൾക്കും / ജില്ലാ കളക്ടർമാർക്കും.
3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് / എ&ഇ), കേരള, തിരുവനന്തപുരം.
4. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും.
5. രജിസ്ട്രാർ, ഡിജിറ്റൽ യൂണിവേഴ്സിറ്റി ഓഫ് കേരള.
6. ഡയറക്ടർ, വിവര-പൊതുസമ്പർക്ക വകുപ്പ്. (പ്രസിദ്ധീകരണത്തിനായി)
7. പൊതുഭരണ (എസ്.സി.) വകുപ്പ്.
8. കരുതൽ ഫയൽ / ഓഫീസ് കോപ്പി. (GAD-CPMD1/1/2026-GAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് :-

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
ബഹു. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക്.
എല്ലാ വകുപ്പ് മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
ചീഫ് സെക്രട്ടറിയുടെ ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയ്ക്ക്.
ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി, കോ-ഓർഡിനേഷൻ & പ്രോഗ്രാം മാനേജ്മെന്റ് ഡിവിഷൻ, ചീഫ് സെക്രട്ടറിയുടെ കാര്യാലയം.